# Athmaraksha.org

പോർനാഗ്രഫി, ദുഷ്ട കൂട്ടുകെട്ടുകൾ

## അമൂല്യമായതെല്ലാം കവർന്നെടുക്കുന്ന പോണോഗ്രാഫി



പോണാഗ്രാഫിയും സ്വയംഭോഗവും പരിചയിക്കും മുമ്പ് ഞാൻ വളരെ സന്തോഷവാനായ വ്യക്തിയായിരുന്നു. ദൈവാന്വേഷണവും ദൈവത്തിനുവേണ്ടി ജീവിക്കുന്നതുമായിരുന്നു എന്റെ ആനന്ദം. ദൈവത്തോട് വളരെ അടുത്ത ഒരു ബന്ധം എനിക്കുണ്ടായിരുന്നു. അന്നൊന്നും നമ്മുടെ ജീവിക്കാനുള്ള ആഗ്രഹത്തെ ത്തന്നെ ഇല്ലായ്മ ചെയ്യുന്ന ഇരുളിന്റെ വഴികൾ ഞാൻ അറിഞ്ഞിരുന്നില്ല. ഒരു വ്യക്തി എന്ന നിലയിൽ ഞാൻ സന്തുഷ്ടനായിരുന്നു. ജോയി എന്ന ബ്ലോഗർ തന്റെ തിക്താനുഭവങ്ങളുടെ വെളിച്ചത്തിൽ പോർണോഗ്രാഫി മനസ്സിൽ തീർക്കുന്ന ഇരുണ്ട അവസ്ഥകൾ വരച്ചിടുന്നു.

1.ദൈവത്തെ അറിയാനും അവിടുത്തെ സന്തോഷിപ്പിക്കാനുമുള്ള നിങ്ങളുടെ ആഗ്രഹത്തെ അത് നശിപ്പിക്കുന്നു. ബൈബിൾ വായിക്കുവാനുള്ള താൽപര്യം അത് ഇല്ലാതാക്കും. പ്രാർത്ഥനയിലും പള്ളിയിൽ പോകുന്നതിലും മടുപ്പനുഭവപ്പെടും. യേശുവിലുള്ള ആനന്ദം എന്തെന്ന് മനസ്സിലാക്കാനുള്ള കഴിവ് നഷ്ടപ്പെടും. ക്രിസ്തീയ പാഠങ്ങളോട് പുച്ഛം തോന്നും.

2.അത് നിങ്ങളെ ആരോഗ്യകരമായ നല്ല സ്നേഹബന്ധങ്ങളിൽ നിന്നകറ്റും സുതാര്യവും ആത്മാർത്ഥവുമായ സുഹൃദ്ബന്ധങ്ങൾ സാധ്യമാകാതെ വരും.
3.ഇഷ്ടവിനോദങ്ങളോടുള്ള താൽപര്യം നഷ്ടമാകും. നിങ്ങൾ എപ്പോഴും പോണോഗ്രാഫിയുടെ സാങ്കൽപിക ലോകത്തു വിഹരിക്കാനായിരിക്കും ഇഷ്ടപ്പെടുക.
4.ദൈവം ഏൽപ്പിച്ച ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കുന്നതിൽ നിങ്ങൾ വിമുഖനാകും.
5.അത് നിങ്ങളെ മടിയനും സ്വാർത്ഥനുമാക്കും. വിവാഹബന്ധത്തെയും സുഹൃദ്ബന്ധത്തെയും അത് പ്രതികൂലമായി ബാധിക്കും.
6.അത് നിങ്ങളെ മുൻകോപിയാക്കും.
7.നിങ്ങളുടെ പണവും സമയവും അത് കവർന്നെടുക്കും.
8.സ്വയം വെറുപ്പും അരക്ഷിതാവസ്ഥയും വളർത്തും.
9.ഒരിക്കലും പൂർത്തിവരാത്ത ലൈംഗിക സന്തോഷത്തിനായുള്ള ദാഹമുണർത്തി അത് നിങ്ങളെ വലയ്ക്കും. നിങ്ങളുടെ ചിന്തകൾ അസ്വസ്ഥവും കാടുകയറുന്നതുമാകും.
10.വിവാഹബന്ധത്തിലെ മനസ്സുകളുടെ അടുപ്പം അത് നശിപ്പിക്കും. പരസ്പര വിശ്വാസം സാധ്യമല്ലാതാകും.

11.നിയമവിരുദ്ദവും സാമൂഹ്യവിരുദ്ധവുമായ പ്രവർത്തികളിലേക്ക് നമ്മെ അത് ക്രമേണ നയിക്കും.
12.അത് നമ്മിലെ മനുഷ്യത്വത്തെ നശിപ്പിക്കുകയും ഇര തേടി നടക്കുന്നവന്റെ മനോഭാവത്തിലേക്ക് നയിക്കുകയും ചെയ്യും. മറ്റുള്ള മനുഷ്യരെയെല്ലാം നാം ലൈംഗിക സംതൃപ്തിയ്ക്കുള്ള ഇരകളായി മാത്രമേ കാണൂ.
13.ഇതുവരെ മുൻകൂട്ടി കാണാനാവാത്ത വളഞ്ഞു പുളഞ്ഞ വഴികളിലൂടെ അത് നമ്മെ കൊണ്ടുപോകും . നാം ഒരിക്കൽ അമൂല്യമായി കരുതിയിരുന്ന പലരിൽ നിന്നും വളരെ ദൂരേക്ക് നാം അകറ്റപ്പെടും.

Please visit below website to save the life from these addictions

http://reclaimsexualhealth.com/